# കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ
## പ്രസ്സ് റിലീസ്

വിഷയം: ഇ-സെയിൽ വെബ് പോർട്ടർ, കോർ ഫിനാൻഷ്യൽ സൊലൂഷൻ എന്നിവയുടെ ഉത്ഘാടനവും, കെ.എഫ്.സി. ബോണ്ട് ഓഫർ ഡോക്കുമെന്റ് പ്രകാശനവും - സംബന്ധിച്ച്.

..................

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഇ-സെയിൽ വെബ് പോർട്ടലിന്റെയും കോർ ഫിനാൻഷ്യൽ സൊലൂഷന്റെയും ഉത്ഘാടനം 30.11.2011 3 മണിയ്ക്ക് കോർപ്പറേഷന്റെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യ-നിയമ-ഭവന വകുപ്പ് മന്ത്രി നിർവ്വഹിയ്ക്കുകയുണ്ടായി. കെ.എഫ്.സി. ഇറക്കുന്ന 100 കോടി രൂപയുടെ ബോണ്ടിന്റെ 'ഓഫർ ഡോക്കുമെന്റ്' ടി ചടങ്ങിൽ വച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രകാശനം ചെയ്തു. കോർപ്പറേഷന്റെ ചെയർമാനും, മാനേജിംഗ് ഡയറക്ടറുമായ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ്സ് പ്രസ്തുത ചടങ്ങിൽ സന്നിഹിതനായിരുന്നു.

എസ്.എഫ്.സി ആക്ടിന്റെ 29-ാം വകുപ്പു പ്രകാരം വായ്പാകുടിശ്ശികക്കാരിൽ നിന്നും ഏറ്റെടുക്കുന്ന ആസ്തി, e-sale സമ്പ്രദായത്തിലൂടെ വിൽക്കുമ്പോൾ കൂടുതൽ സുതാര്യത, നിഷ്പക്ഷത, വേഗത എന്നിവ സാദ്ധ്യമാകുന്നു. മാത്രവുമല്ല, കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തി, ആസ്തിക്ക് വളരെ നല്ല വില ലഭ്യമാക്കാനും ഇതുമൂലം കഴിയുന്നു. യാതൊരുവിധ മദ്ധ്യവർത്തി ഇടപെടലുകളും, ഇതര അനാരോഗ്യ പ്രവണതകളും കൂടാതെ ലോകത്തിന്റെ ഏതു ഭാഗത്തുള്ള വ്യക്തിക്കും ലേലത്തിൽ പങ്കെടുക്കാനും, EMD യും, അന്തിമ ലേലത്തുകയും അടയ്ക്കാനും തീരുമാനിയ്ക്കാനും കഴിയുന്നു എന്നതാണ് ഈ രീതിയുടെ സവിശേഷത. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തി കെ.എഫ്.സി സൈറ്റിൽ പേര് രജിസ്റ്റർ ചേയ്തിട്ടുണ്ടാകണം.

വായ്പാ കണക്കുകളും, ഓഫീസ് നടപടിക്രമങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി കെ.എഫ്.സി. റ്റാറ്റാ കൺസൾട്ടൻസിയുമായി ചേർന്ന് ഒരു 'കോർ ഫിനാൻഷ്യൽ സൊലൂഷൻ' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിലൂടെ, ആസന്ന ഭാവിയിൽ തന്നെ കോർപ്പറേഷനെ ഒരു 'കടലാസ് രഹിത' സ്ഥാപനമായി മാറ്റാനും, എല്ലാ സോണൽ ഓഫീസുകളും, ബ്രാഞ്ചുകളും ഹെഡ്ഢാഫീസും തമ്മിൽ ബന്ധിപ്പിയ്ക്കാനും കഴിയും. കൂടാതെ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളായ പദ്ധതി വിലയിരുത്തൽ (Appraisal) വായ്പാ വിതരണം (Disbursement), തിരിച്ചടവ് (Recovery) തുടങ്ങിയവയെല്ലാം കമ്പ്യൂട്ടർവൽകൃതമാകുകയും ചെയ്യും.. ഈ പുതിയ സമ്പ്രദായത്തിലൂടെ ഇടപാടുകാർക്കും 'ഓൺലൈൻ' മുഖാന്തിരം കെ.എഫ്.സിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളത്തിന്റെ വളർച്ചയിൽ ഇതര സ്ഥാപനങ്ങൾക്ക് പങ്കാളിയാകാനുള്ള അവസരമൊരുക്കി, 100 കോടി രൂപ സമാഹരിയ്ക്കുന്നതിനും 100 കോടി രൂപ അധികം സമാഹരിയ്ക്കുന്നതിനുമാണ് കെ.എഫ്.സി ബോണ്ട് ഇറക്കുന്നത്. കേരളാ ഗവൺമെന്റ് ഗ്യാരണ്ടിയോടു കൂടിയുള്ള unconditional, irrevocable കടപ്പത്രമായിട്ടിറക്കുന്ന ഈ ബോണ്ടുകൾ ബ്രിക് വർക്ക് റേറ്റിംഗ് ഏജൻസി പ്രൈവറ്റ് ലിമിറ്റഡിന്റെ "A-(so)" റേറ്റിംഗ് ഉള്ളതും non-convertible ഉം നികുതി വിധേയവുമായിരിക്കും. 10 ലക്ഷം രൂപ മുഖവിലയും, 10.24% വാർഷിക പലിശയും ഉണ്ടാകും. കാലാവധി 10 വർഷമാണെങ്കിലും, നിക്ഷേപകന്, 4-ാം വർഷത്തിന്റെ അവസാനം മുതൽ വർഷത്തിൽ 25% നിരക്കിൽ 7-ാം വർഷം വരെ

പിൻവലിയ്ക്കാവുന്നതാണ്. ബോംബേ സ്റ്റോക്ക് എക്സേഞ്ച് (BSE) ൽ ഇവ ലിസ്റ്റ് ചെയ്യപ്പെടും.

കേരളത്തിന്റെ വ്യവസായവൽക്കരണത്തിനും, വികസനത്തിനും മുഖ്യ പങ്ക് വഹിക്കുന്ന കെ.എഫ്.സി, ദീർഘകാല ധനസഹായ മേഖലയിൽ ഒരു നവീനരീതിയും, നൂതന പന്ഥാവും വെട്ടിത്തുറന്നു കൊണ്ട്, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഇതര സംസ്ഥാനധനകാര്യ കോർപ്പറേഷനുകളിൽ മുൻനിരയിൽ തുടരുന്നു. അണു-ചെറുകിട ഇടത്തരം സംരംഭങ്ങളെ പരിപോഷിപ്പിച്ച്, അതിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായികവൽക്കരണം ത്വരിതപ്പെടുത്തുകയാണ് കോർപ്പറേഷന്റെ സ്ഥാപിതോദ്ദേശം. ഇന്ത്യയിലെ ധനകാര്യകോർപ്പറേഷനുകളിൽ കെ.എഫ്.സി. മാത്രമാണ് കഴിഞ്ഞ 2 വർഷങ്ങളിൽ ലാഭ വിഹിതം പ്രഖ്യാപിച്ചിട്ടുള്ളത്. സർവ്വീസ് സ്ഥാപനങ്ങളുടെ വിഭാഗത്തിൽ 2009-10 ൽ FACT MKK നായർ മെമ്മോറിയൽ പ്രൊഡക്ടിവിറ്റി അവാർഡിൽ, കെ.എഫ്.സി രണ്ടാം സ്ഥാനത്തിനർഹമായി. കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്ഥി (NPA) 1.88% ഉം മൂലധന ആവശ്യകത അനുപാതം (car) 22.2% ആയും നിൽക്കുന്നു. തിരിച്ചടവിന് ദീർഘകാലയളവു നൽകിയും, പലിശയിൽ ഇളവു നൽകിയും നവസംരംഭകരോടും, നൂതനപദ്ധതികളോടും കോർപ്പറേഷൻ വളരെ ഊഷ്മളവും, ഉദാരവും അനുകൂലവുമായ സമീപനമാണ് കാട്ടിവരുന്നത്. 3 മേഖലാ ഓഫീസുകളിലൂടെയും 16 ബ്രാഞ്ചുകളിലൂടെയും അധികാരവികേന്ദ്രീകരണം നടത്തി, പ്രവർത്തനം സുതാര്യവും, സത്വരവുമാക്കിയിരിക്കുന്നതിനാൽ പ്രശ്നരഹിതമായും, സമയബന്ധിതമായും വായ്പാ അനുവദിക്കലും, വിതരണവും സാദ്ധ്യമാകുന്നു. കെ.എഫ്.സിയ്ക്ക് പല നൂതന വായ്പാ പദ്ധതികളും നിലവിലുണ്ട്. പ്രവാസികൾക്കായി 9% പലിശനിരക്കിൽ സ്പെഷ്യൽ വായ്പ, ഊർജ്ജലാഭ പദ്ധതികൾക്കായി 5%

പലിശനിരക്കിലുള്ള വായ്പ, വനിതകൾക്കും, പട്ടികജാതി/വർഗ്ഗ സംരംഭകർക്ക് 1% പലിശയിളവ്, ഇവയെല്ലാം കെ.എഫ്.സിയുടെ വായ്പാ മേഖലയിലെ പ്രത്യേകതകളത്രെ. CGTMSE പദ്ധതിയിൽ, ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 50 ലക്ഷം രൂപ വരെ ജാമ്യരഹിതവായ്പയും നൽകി വരുന്നു.

കഴിഞ്ഞ 2008-2009, 2009-2010, 2010-2011 കാലയളവിലെ കെ.എഫ്.സിയുടെ പ്രവർത്തനഫലം ഇപ്രകാരമാണ്.

| സാമ്പത്തികവർഷം | സഞ്ചിതലാഭം (₹കോടിയിൽ) | ഗവൺമെന്റിന് നൽകിയ ഡിവിഡന്റ് |
|---|---|---|
| 2008-2009 | 11.70 | 0 |
| 2009-2010 | 33.72 | 4% |
| 2010-2011 | 36.40 | 5% |

**ഭാവി പദ്ധതികൾ:**

1) **വിൽപ്പനാനന്തര സേവനം:**

ഉടമസ്ഥാവകാശം, കൈവശാവകാശം, നിയമ സാധുത തുടങ്ങിയ പ്രശ്നങ്ങൾക്ക് 2 വർഷം വരെ നിയമ സഹായം ആസ്തി വാങ്ങുന്ന വ്യക്തിക്ക് ലഭ്യമാക്കും.

ധനകാര്യസ്ഥാപനങ്ങൾ,'നിലവിലുള്ള അവസ്ഥയിൽ' എന്ന അടിസ്ഥാനത്തിൽ വിറ്റ് കൈ കഴുകുകയെന്ന ഉദ്ദേശത്തോടെ നടത്തിവരുന്ന ലേലത്തിൽ നിന്ന് വ്യത്യസ്തമായി ഈ പുതിയ ലേലരീതി ആസ്തിക്ക് ഉചിതമായ, ഉയർന്ന വില ലഭ്യമാക്കുവാൻ ഉപകരിക്കും.

**2)വസ്തു നിഷ്ഠ മൂല്യ നിർണ്ണയമാനദണ്ഡം:**

പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അതിന്റെ നിലവാരമാരായുവാൻ സൂക്ഷ്മവും, വസ്തുനിഷ്ഠവുമായ മൂല്യനിർണ്ണയ മാനദണ്ഡം നടപ്പിലാക്കുവാൻ കെ.എഫ്.സി ശ്രമം തുടർന്നു വരുന്നു.

**3)കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ:**

തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും, യുവാക്കളിൽ സംരംഭകത്വ സ്വഭാവം വളർത്തുവാനുമായി കേരള സംസ്ഥാന സംരംഭക വികസന മിഷൻ സ്ഥാപിക്കുന്ന കാര്യം ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണവേളയിൽ ബഹുമാനപ്പെട്ട സംസ്ഥാന ധനകാര്യമന്ത്രി പ്രഖ്യാപിക്കുകയും, കെ.എഫ്.സിയെ അതു നടപ്പിലാക്കുന്ന 'നോഡൽ ഏജൻസി' ആയി തീരുമാനിക്കുകയുണ്ടായി. വരുന്ന 5 വർഷക്കാലം കൊണ്ട് 10,000 സംരംഭങ്ങൾ തുടങ്ങുകയും, 5 ലക്ഷം അധിക തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

**4)സാങ്കേതിക- സാമ്പത്തിക പരിശീലന അക്കാഡമി:**

സാങ്കേതിക-സാമ്പത്തിക മേഖലയിലെ മാറ്റങ്ങളെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും ഇതര സ്ഥാപനങ്ങളിലെ മാനേജർമാർക്ക് പരിശീലനം നൽകുന്നതിനുമായി കെ.എഫ്.സി അതിന്റെ ലഭ്യമായ സാങ്കേതികവും വൈവിദ്ധ്യവുമാർന്നപരിജ്ഞാനമുള്ള മനുഷ്യ വിഭവ ശേഷി പ്രയോജനപ്പെടുത്തി ഒരു സാങ്കേതിക-സാമ്പത്തിക പരിശീലന അക്കാഡമി തുടങ്ങുന്നതാണ്.

ഇങ്ങനെ, നൂതന പദ്ധതികൾ, സൗഹൃദ സമീപന രീതി, ഉപദേശദായക സേവനം തുടങ്ങിയവയിൽ സംരംഭകരുടെ വിവിധ പ്രശ്ന പരിഹാരങ്ങൾക്കുള്ള ഏക കേന്ദ്രമായി മാറിയിരിയ്ക്കുന്നു. ഓരോ സംരംഭകന്റെയും സ്വപ്ന പദ്ധതികളെ സാക്ഷാത്കരിക്കുവാനുള്ള സഹായവുമായി സ്വാഗതം ചെയ്തു നിൽക്കുന്നു, **കെ.എഫ്.സി.**

**ജനറൽ മാനേജർ (എഫ്&എം)**

Tp1/Press Release 281111